പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 620

26.04.2017 ൽ മറുപടിക്ക്

## ശബരിമലയിലും പമ്പയിലും കുപ്പിവെള്ളം നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി വിധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. വീണാജോർജ്ജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ശബരിമലയിലും പമ്പയിലും കുപ്പി വെള്ളം നിരോധിച്ചുകൊണ്ടുള്ള ബഹു. ഹൈക്കോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ആർ.ഒ പ്ലാന്റു കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി യിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ആർ.ഒ പ്ലാന്റുകൾ വഴി നൽകുന്ന കുടിവെള്ളം പരിശോധിച്ച് നൽകിയി ട്ടുള്ള സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കുന്ന തിനും സമയബന്ധിതമായി കുടിവെള്ള പരിശോധന നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ | (ബി) ആർ.ഒ പ്ലാന്റുകൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളം സമയാസമയങ്ങളിൽ ഭക്ഷ്യ സുരക്ഷാ വിഭാഗവും കേരള മലിനീകരണ നിയന്ത്രണ ബോർഡ് അധികാരികളും പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. |
| (സി) ആർ.ഒ പ്ലാന്റുകളുടെ വ്യാപനം ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് എത്രമാത്രം ഉപകരിക്കുന്നുണ്ടെന്ന് വിലയിരുത്തിയി ട്ടുണ്ടോ; വിശദമാക്കുമോ? | (സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ കുപ്പിവെള്ളം ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ ബദൽ സംവിധാനമെന്ന നിലയിൽ കുടി വെള്ളക്ഷാമം പരിഹരിക്കു ന്നതിനായി 1192 ലെ (2017 ലെ) മണ്ഡലം മകരവിളക്ക് തുടങ്ങുന്നതിനു മുമ്പ് തന്നെ ആർ.ഒ പ്ലാന്റുകളും ട്രീറ്റ്മെന്റ് പ്ലാന്റുകളും പ്രസ്തുത സ്ഥലങ്ങളിൽ സ്ഥാപിച്ച് ശുദ്ധീകരിച്ച ടാപ്പുകളിൽ കൂടി ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് കുടിവെള്ളം വിതരണം ചെയ്തു. കൂടാതെ കേരള ജല അതോറിറ്റി പമ്പയിലും, ശബരിമല പാതയിലും, നിലയ്ക്കലിലും മണിക്കൂറിൽ 10000 ലിറ്റർ ശുചീകരണ ശേഷിയുള്ള ആർ.ഒ പ്ലാന്റുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തി. |

സെക്ഷൻ ഓഫീസർ

ി/